# ''പിതാവു നട്ട തൈ''

മത്തായി 15:13

''സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരൊടെ പറിഞ്ഞു പോകും.''

ഇവിടെ നട്ടു വളർത്തപ്പെടുന്നതായ ഒരു തൈ നമുക്കു കാണാം. പിതാവു നട്ടിട്ടല്ലാത്ത തൈ ഒക്കെയും പറിഞ്ഞു പോകും. ഒരു തൈ അഥവാ ചെടി നട്ടു വളർത്തുന്നതും അത് ഒരു വയലിൽ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു സ്ഥലത്ത് കിളിർത്തു പൊങ്ങുന്നതും തമ്മിൽ ഒത്തിരി വ്യത്യാസമുണ്ട്.

ഒരു തോട്ടക്കാരന്റെ സംരക്ഷണം ലഭിച്ച് കാലാകാലങ്ങളിൽ വളർത്തപ്പെടുന്നതായ തൈ എത്ര ശ്രേഷ്ഠമായ അനുഭവത്തിലൂടെ കടന്നു പോകുന്നു. അതിന്റെ വളർച്ചയുടെ പൂർണ്ണ ഉത്തരവാദിത്വം തോട്ടക്കരന്റെ കൈയ്യിൽ ആകുന്നു. ഇലയൊന്നു വാടിയാൽ, കാലാവസ്ഥ പ്രതികൂലമായാൽ ഇടനടി അതിനുള്ള പരിഹാരം വെള്ളവും, വളവും, ചുവടിളക്കലും വേണ്ടാത്തതിനെ മുറിച്ചു മാറ്റലും അങ്ങനെ അതിന്റെ ആകമാനം ഉള്ള സംരക്ഷണം തോട്ടക്കാരൻ ഏറ്റെടുത്തു കൊണ്ടുപോകുന്നു. രാവും പകലും വേലികെട്ടി അവൻ തന്റെ തോട്ടം കാക്കും. മറ്റു കീടങ്ങളും ജീവികളും നശിപ്പിക്കാതെ കാത്തു പരിപാലിക്കും.

എന്നാൽ വയലിൽ വീഴുന്നത് അത് ഇഷ്ടമുള്ളയ്ടത്ത് മുളച്ചു, ഇഷ്ടം പോലെ വളരുന്നു. ചിലപ്പോൾ ഒരു വലിയ സസ്യമായി തീർന്നേക്കാം. അല്ലെങ്കിൽ നാശം സംഭവിക്കും. ഒരു ഉറപ്പും ഇല്ല. കാരണം പ്രതികൂലങ്ങളെ അതിജീവിക്കാൻ ഈ സസ്യത്തിന് കഴിയില്ല. അഥവാ സഹായിക്കേണ്ടവൻ കൂടെയില്ല.

ഉത്തമഗീതം 4:12– ൽ ദൈവസഭയെ ''കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം'' എന്നാണ് പറയുന്നത്. എത്രയധികമായി നാം ദൈവത്തെ സ്തുതിക്കണം. പിതാവ് നട്ട തൈകൾ എല്ലാം കൂടി ഒരുമിച്ച് വളരുന്ന മനോഹരമായ തോട്ടം. ഒരു ദൈവപൈതലിന് ലഭിക്കുന്ന വിലയേറിയ, ശ്രദ്ധാതീതമായ സംരക്ഷണത്തെ ഓർത്ത് നന്ദി പറയാം. വേരോടെ പിഴുതു പോകും എന്ന് ഓർത്ത് ചുറ്റുമുള്ള പ്രതികൂലങ്ങൾ ശ്രമിക്കുമ്പോൾ, ഉന്മൂലം നാശം സംഭവിക്കാതെ നീരുറവകളും കിണറുകളും ധാരാളമായി കരുതി സമൃദ്ധിയോടെ പോറ്റി പുലർത്തുന്ന നാഥനു സ്തോത്രവും ചെയ്യാം.

ഏതു പ്രതികൂലത്തെയും തരണം ചെയ്യാൻ ശക്തമായ വേരുകളാണ് ദൈവപിതാവ് നമുക്ക് ഉറപ്പിച്ചു തന്നിരിക്കുന്നത്. പിതാവിന്റെ നോട്ടം ഒരു നിമിഷം ഒന്ന് മാറ്റിപ്പോയാൽ മതി പ്രിയ സോദരെ! എത്ര ഭയാനകമായ അവസ്ഥ, കെട്ടി അടച്ചതൊക്കെ ശിഥിലമായി പോകുന്ന അവസ്ഥ ഉണ്ടാകും. ദൈവത്തെ മുറുകെ പിടിക്കാം. അവൻ നട്ട തൈകളായിത്തന്നെ തീരാൻ ഭാഗ്യം ലഭിച്ച ഉന്നത പദവിയെയോർത്ത് സ്തോത്രത്തോടും നന്ദിയോടും കൂടെ ജീവിക്കാം. ദൈവകൃപ അധികമായി ഇനിയും നില്ക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :
യോഹന്നാൻ 15:1

ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 061